**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 500** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണത്തിനായി ഈ സർക്കാർ നടപ്പാക്കിയിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വാസയോഗ്യമായ വീട് അനുവദിക്കുന്നത്. കൂടാതെ, ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | 2019-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വെയുടെയും, ഊര് കൂട്ടത്തിന്റെയും കണക്കു പ്രകാരം ഭൂരഹിത ഭവനരഹിതരായി 7930 പേരും, ഭൂമിയുള്ള ഭവനരഹിതരായി 16070 പട്ടികവർഗ്ഗക്കാരും ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. |
| (സി) | നിലവിലെ പദ്ധതികൾ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായുള്ള തുക പര്യാപ്തമല്ല എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട്. എന്നാൽ, ലൈഫ് മിഷൻ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിൽ നിർമ്മിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും, അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ വീടുകൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി തുകയുടെ 20% വരെ അധികമായി അനുവദിച്ചു വരുന്നുണ്ട്. |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതർക്കായി പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ഡി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ | (ഇ) | സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിതരും, ഭൂമി കുറവുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കറിൽ കുറയാതെയും, ഭൂമി |

| | | | |
|---|---|---|---|
| | സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും, അവരെ പുനരധിവസിപ്പിക്കുന്നതിനും, അവരുടെ സർവ്വതോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള നടപടികൾ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി കണ്ടെത്തി ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**പട്ടികജാതി വികസന വകുപ്പ്**

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വാങ്ങുന്നതിന് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/-രൂപയും, മുനിസിപ്പാലിറ്റി പരിധിയിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/-രൂപയും, കോർപ്പറേഷൻ പരിധിയിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് 6,00,000/-രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗക്കാർക്കാണ് ടി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ടി പദ്ധതിക്കായി നടപ്പ വർഷം 185 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പവർഷം 4624 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ആയതിൽ 58 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി 3,01,35,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

കേന്ദ്ര വനാവകാശ നിയമം 2006 പ്രകാരം കൈവശ രേഖ വിതരണം ചെയ്യൽ, ഭൂമി വാങ്ങി വിതരണം ചെയ്യൽ, കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യൽ, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികൾ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം) മുഖേന പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഭൂമി നൽകിയ സ്ഥലങ്ങളിൽ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യ പദ്ധതികളും ടി.ആർ.ഡി.എം മുഖേന നടപ്പിലാക്കി വരുന്നു. ടി.ആർ.ഡി.എം മുഖേന നാളിതുവരെയായി 39078 പേർക്ക് 47895.85 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ